(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വൈദ്യുത ബോർഡ് എവിടെയെല്ലാം പുതിയ കെട്ടിടങ്ങൾ സെക്ഷൻ ആഫീസുകൾക്കായി പണി കഴിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പറവൂർ നിയോജകമണ്ഡലത്തിലെ ചേന്ദമംഗലം പഞ്ചായത്തിലെ വടക്കുംപുറം ഇലക്ട്രിക്കൽ ആഫീസിനു സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത ആഫീസിന്റെ നിർമ്മാണം ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ കഴിയില്ല.

(സി) 1. അടൂർ (ഡിവിഷൻ ഓഫീസും മേജർ സെക്ഷനും)
2. പറവൂർ (ഇലക്ട്രിക്കൽ മേജർ സെക്ഷൻ)
3. നെടുമങ്ങാട് (ഡിവിഷൻ ഓഫീസ്)
4. അങ്കമാലി (ഇലക്ട്രിക്കൽ മേജർ സെക്ഷൻ)
5. ചാത്തന്നൂർ (ഡിവിഷൻ ഓഫീസ്)
6. കരുനാഗപ്പള്ളി (ഇലക്ട്രിക്കൽ ഡിവിഷൻ മേജർ സെക്ഷൻ)
7. ആലത്തൂർ (ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്)
8. അരീക്കോട് (ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്)
9. മുട്ടുങ്ങൽ (ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്)
10. വൈത്തിരി (ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്)

വൈദ്യുതീകരണത്തിനു മെറ്റീരിയൽസ് അനുവദിക്കുന്നതിനു നടപടി

63 [2037] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിലെ മേൽമുറി ചുങ്കം പ്രദേശത്തെ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനാവശ്യമായ മെറ്റീരിയൽസ് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മെറ്റീരിയൽസ് അടിയന്തിരമായി അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) മലപ്പുറം നിയോജകമണ്ഡലത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിലെ മേൽമുറി ചുങ്കം പ്രദേശം വൈദ്യുതീകരിക്കുന്നതിനു 3·25 കി.മീ. 11 കെ. വി. ലൈനു, 3·65 കി. മീ. എൽ. റ്റി. ത്രീഫെയ്സ് ലൈനും ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമറും അടങ്ങിയ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ഈ പണി പൂർത്തീകരിക്കുന്നതിനു 1·12 കി.മീ.എ.എ. സി 7/3·1 കണ്ടക്ടറും 4 കി.മീ.എ.എ.സി. 7/2·21 കണ്ടക്ടറും വേണം. ഇത്രയും കണ്ടക്ടറുകൾ ഒന്നിച്ചു ലഭ്യമാക്കുന്നതിനു ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതിനാവശ്യമായ കണ്ടക്ടറുകൾ കഴിവതും വേഗം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly